(സി) ചേറ്റുവ, ചെറുവത്തൂർ, താനൂർ, പരപ്പനങ്ങാടി, അന്ധകാരനഴി, അർത്തുങ്കൽ, ചെല്ലാനം എന്നീ ഫിഷിംഗ് ഹാർബറുളെ സംബന്ധിച്ചാണ് സാദ്ധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുന്നത്.

(ഡി) തലായി, കൊയിലാണ്ടി എന്നീ ഫിഷിംഗ് ഹാർബർ പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ എൻവയോൺമെന്റൽ ക്ലിയറൻസ് കാത്തിരിക്കുകയാണ്.

ലോട്ടറി ജീവനക്കാരുടെ പുനരധിവാസം

19 (*196) ശ്രീ. രാജു എബ്രഹാം :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എല്ലാവിധ ലോട്ടറികളും നിരോധിക്കാനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരള ഭാഗ്യക്കുറി നടത്തുന്നതിനെതിരെ ഏതെങ്കിലും പരാമർശം ഉണ്ടായിട്ടുണ്ടോ;

(സി) കേരള ഭാഗ്യക്കുറി നിരോധിച്ചതുമൂലം എത്ര പേർ നേരിട്ടും അല്ലാതെയും തൊഴിൽ രഹിതരായി;

(ഡി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എഫ്) ലോട്ടറി വകുപ്പ് നിർത്തിയതുമൂലം പ്രസ്തുത വകുപ്പിൽ തൊഴിൽ രഹിതരായ ജീവനക്കാരെ എപ്രകാരമാണ് പുനരധിവസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) 1998-ലെ കേന്ദ്ര ലോട്ടറി (നിയന്ത്രണ) നിയമത്തിലെ 4-ാം വകുപ്പിലെ ലോട്ടറി നടത്തിപ്പ് സംബന്ധമായ വ്യക്തമായ നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികൾ മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ലോട്ടറി നടത്തി വന്നിരുന്നത്. അപ്രകാരം നടത്തി വന്നിരുന്ന ലോട്ടറികൾ കേന്ദ്ര നിയമത്തിനും സംസ്ഥാന സർക്കാരിന്റെ ചട്ടങ്ങൾക്കും വിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന സംസ്ഥാന ലോട്ടറി ഡയറക്ടറുടെ നോട്ടീസിനെതിരെയും സംസ്ഥാന സർക്കാരിന്റെ കേരളാ സ്റ്റേറ്റ് ലോട്ടറീസ് & ഓൺലൈൻ ലോട്ടറീസ് (റെഗുലേഷൻ) റൂൾസിലെ ചട്ടം 24(3)ൽ നിക്ഷിപ്തമായ അധികാരം ചോദ്യം ചെയ്തുകൊണ്ടും അന്യസംസ്ഥാന ലോട്ടറി ഏജന്റ്മാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച്, 17-11-2003-ലെ വിധി പ്രകാരം ഡയറക്ടറുടെ നടപടി ശരിവയ്ക്കുകയുണ്ടായി. ഇതിനെതിരെ ഹൈക്കോടതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷൻ ബഞ്ച് 19-12-2003-ലെ ഇടക്കാല ഉത്തരവിൽ സംസ്ഥാന ചട്ടത്തിലെ 24-ാം ചട്ടത്തിന്റെ (3)-ഉം (10)-ഉം ഉപചട്ടങ്ങൾ സ്റ്റേ ചെയ്തു. 28-4-2004-ലെ ഡിവിഷൻ ബഞ്ചിന്റെ അന്തിമവിധി സർക്കാരിന് അനുകൂലമായിരുന്നുവെങ്കിലും ഇതിനെതിരെ അന്യസംസ്ഥാനങ്ങൾ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത അപ്പീലിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 19-12-2003-ലെ ഇടക്കാല ഉത്തരവ് നിലനില്ക്കുമെന്ന് ബഹു. സുപ്രീം കോടതി 17-5-2004-ൽ ഉത്തരവായി. കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ നിലവിലുള്ള 16-12-2004-ലെ മറ്റൊരു വിധിപ്രകാരം സംസ്ഥാന സർക്കാരിന് അന്യസംസ്ഥാന ലോട്ടറികൾ, അവ വില്പന നികുതി അടച്ചുകൊണ്ട് ഒറ്റ നമ്പർ ഒഴികെയുള്ള ലോട്ടറികൾ നടത്തുന്നപക്ഷം അവർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായി. അനധികൃതമായി പ്രവർത്തിക്കുന്ന ലോട്ടറികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് കേന്ദ്ര നിയമത്തിലെ സെക്ഷൻ 5 പ്രകാരം അധികാരമുണ്ട്. എങ്കിലും സുപ്രീം കോടതി, ബി.ആർ. എന്റർപ്രൈസസും, യു.പി. സർക്കാരും തമ്മിലുള്ള കേസിൽ ഒരു സംസ്ഥാനം സ്വയം ലോട്ടറി നടത്തുന്നില്ലെങ്കിൽ മാത്രമേ അന്യസംസ്ഥാന ലോട്ടറി നിരോധിക്കുവാൻ പാടുള്ളൂ എന്ന് ഉത്തരവായിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറികൾ ഇപ്രകാരം ഹൈക്കോടതിയിൽ നിന്നും സുപ്രീം കോടതിയിൽ നിന്നും അനുകൂലമായ വിധികൾ സമ്പാദിച്ച സാഹചര്യത്തിൽ അവർക്കെതിരെ സംസ്ഥാന സർക്കാരിന് നടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിൽ വന്നു. സമൂഹത്തിന്റെ താഴെക്കിടയിലുള്ള ജനങ്ങളെ അത്യന്തം ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹ്യ വിപത്തെന്ന നിലയിൽ ഇത്തരം ലോട്ടറികളെ തുടരാനനുവദിക്കുന്നത് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കേരള സംസ്ഥാനം നടത്തിവന്നിരുന്ന ലോട്ടറിയും നിരോധിക്കാൻ കേരള സർക്കാർ നിർബന്ധിതരായി.

(ബി) ഇല്ല.

(സി) കേരള ഭാഗ്യക്കുറി നിരോധനം ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത ഏജൻസി പുതുക്കിയ 1292 ഏജന്റുമാരെ നേരിട്ടു ബാധിക്കും. നേരിട്ടല്ലാതെ തൊഴിൽ രഹിതരാകുന്നവരുടെ കൃത്യമായ എണ്ണം ശേഖരിച്ചുവരുന്നു.

(ഡി&ഇ) ലോട്ടറി നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. 20 കോടി രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്. ഇവരിൽ രോഗികൾക്കും ശാരീരിക വൈകല്യമുള്ളവർക്കും മുൻഗണനാ ക്രമത്തിൽ 10,000 രൂപ ഗ്രാന്റായും, 40,000 രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ആയും ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി വരുന്നു. കുടുംബശ്രീയുമായി ബന്ധപ്പെടുത്തി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമുള്ള സാധ്യതയും ആരായുന്നുണ്ട്.

(എഫ്) ലോട്ടറി വകുപ്പ് നിർത്തലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly